**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6642** **21-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കടയിൽ പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കടയിൽ പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന് വാങ്ങിയ സ്ഥലത്ത് ടൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള നിർദേശം സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗം യഥാവിധം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; 2019-20 വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ജോലികൾ പൂർത്തിയാക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; അഞ്ച് വർഷത്തിലധികം പഴക്കമുള്ള പ്രസ്തുത പ്രോജക്ട് അടിയന്തരമായി ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | **കാട്ടാക്കടയിൽ പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന് 9 കോടി രൂപയുടെ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ